# കേരള ചിക്കൻ കൊല്ലത്ത്

ഇതരസംസ്ഥാനത്തു നിന്ന് കേരളത്തിലേക്ക് എത്തുന്ന ഇറച്ചിക്കോഴിയുടെ ഉപഭോഗം കേരളത്തിൽ നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. പച്ചക്കറിക്ക് പുറമേ ഇറച്ചിക്കോഴി യുടെ കാര്യത്തിലും ഇതരസംസ്ഥാനങ്ങളെ പ്രത്യേകിച്ചും തമിഴ്നാടിനെയാണ് കേരളം ഏറെ ആശ്രയിക്കുന്നത്. ഇറച്ചിക്കോഴി വില അന്യായമായി കുതിച്ചുയരുന്നതും പതിവാണ്. കൂടാതെ ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന ഇറച്ചിക്കോഴി പൂർണ്ണമാ യും സുരക്ഷിതമാണോയെന്നതും സംശയം. ലാഭം മാത്രം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ഇതരസംസ്ഥാനങ്ങളിലെ ഇറച്ചിക്കോഴി വ്യാപാരികൾ വൻതോതിൽ ഹോർമോൺ ഉപയോഗിക്കുന്നുവെന്ന ആശങ്ക നിലനിൽക്കുന്നു.

## കുടുംബശ്രീയുടെ കേരള ചിക്കൻ

മേൽപ്പറഞ്ഞ പ്രശ്നങ്ങൾക്കെല്ലാം പരിഹാരമെന്ന നിലയിൽ കുടുംബശ്രീയുടെ നേതൃ ത്വത്തിൽ തുടക്കമിട്ട പദ്ധതിയാണ് കേരള ചിക്കൻ. നാട്ടിൽ തന്നെ വിശ്വാസ യോഗ്യരാ യ ഉത്പാദകർ ഉത്പാദിപ്പിക്കുന്ന കോഴി ഇറച്ചി ഉപയോക്താക്കൾക്ക് ലഭ്യമാക്കുക, ഇറ ച്ചി കോഴി വിലയിലെ അസ്ഥിരത ഇല്ലാതാക്കുക, കുടുംബശ്രീ അംഗങ്ങൾക്ക് അധിക വരുമാനം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളാണ് ഈ പദ്ധതി വഴി പ്രധാനമായും ലക്ഷ്യ മിടുന്നത്. സംസ്ഥാന മൃഗസംരക്ഷണ വകുപ്പും കേരള പോൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷ(കെപ്കോ)നുമായും സംയുക്തമായി ചേർന്നാണ് കുടുംബശ്രീ ഈ പദ്ധതി പ്രാവർത്തികമാക്കുന്നത്.

## തുടക്കം

കേരള ചിക്കൻ എന്ന ആശയം രൂപപ്പെട്ട ശേഷം വിവിധ വകുപ്പുകളുമായി സംയോജിച്ച് പ്രവർത്തിക്കുന്നതിനെക്കുറിച്ച് ചർച്ചകളിലൂടെ ധാരണയായി. അതിന് ശേഷം നവംബർ എട്ടിന് ധനകാര്യമന്ത്രി ഡോ. തോമസ് ഐസക് പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചു. മൃഗസംരക്ഷണ വകുപ്പ് മന്ത്രി അഡ്വ. കെ. രാജു, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ കെ. മുരളീധരൻ എംഎൽഎ, തിരുവനന്തപുരം

മേയർ അഡ്വ. വി.കെ. പ്രശാന്ത്, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ കെപ്കോയുമായി പദ്ധതിക്ക് പൂർണ്ണ സഹകരണമുണ്ട്. കോഴിക്കുഞ്ഞുങ്ങളെ കെപ്കോയിൽ നിന്ന് വാങ്ങുന്നു. കെപ്കോ തന്നെ പൂർണ്ണ വളർച്ചയെത്തിയ കോഴി തിരിച്ചെടുക്കുന്നു.

## പദ്ധതി

രണ്ട് തലങ്ങളിലായാണ് കുടുംബശ്രീ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്

**ഒന്നാം തലം-** നിലവിൽ 1000 കോഴികളെ വളർത്താൻ സാധ്യതയുള്ള വ്യക്തിഗത സംരംഭം

മാനദണ്ഡങ്ങൾ:

- നിലവിലെ പഞ്ചായത്തീരാജ് മാനദണ്ഡ പ്രകാരം 1000 കോഴികളെ വളർത്തുന്ന തിനുള്ള അടിസ്ഥാന സൗകര്യങ്ങളുള്ള കുടുംബശ്രീ അംഗങ്ങൾ
- വ്യക്തിഗത സംരംഭമായി ആരംഭിക്കാം
- നിലവിൽ ഇറച്ചിക്കോഴി വളർത്തലിൽ ഉൾപ്പെട്ടിരിക്കുന്ന കുടുംബശ്രീ അംഗങ്ങ ൾക്ക് മുൻഗണന
- സിഡിഎസ്സിൽ രജിസ്ട്രർ ചെയ്യണം
- രജിസ്ട്രർ ചെയ്ത സംരംഭത്തെ ജീവ ടീം ഇവാല്യുവേറ്റ് ചെയ്യും
- സംരംഭത്തിന് ബാങ്ക് അക്കൗണ്ട് നിർബന്ധമാണ്
- സിഐഎഫ് തുക സിഡിഎസ്സിന്റെ സിഐഎഫ് അക്കൗണ്ടിൽ കൃത്യമായി നിക്ഷേ പിക്കണം
- രജിസ്ട്രറുകൾ - സാമ്പത്തിക രജിസ്ട്രർ, തീറ്റ, കോഴിക്കുഞ്ഞ് വാങ്ങുന്നതി ന്റെയും വിൽക്കുന്നതിന്റെയും രജിസ്ട്രറുകൾ- എന്നിവ സൂക്ഷിക്കണം

സഹായം:

- ാകുടുംബശ്രീ വ്യക്തിഗത യൂണിറ്റ് ആരംഭിക്കുന്നതിന് കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ടായി ഒരു ലക്ഷം രൂപയാണ് നൽകുന്നത്
- സിഡിഎസിലൂടെയാണ് തുക നൽകുക
- സിഡിഎസിൽ 4 ശതമാനം പലിശയോടെ തുക തിരിച്ചടയ്ക്കണം

- ഒരു വർഷമാണ് കാലാവധി
- ഈ തുക കോഴിക്കുഞ്ഞ്, തീറ്റ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി ഉപയോഗിക്കാം

**രണ്ടാം തലം-** കുറഞ്ഞത് 250 കോഴികളെ വളർത്താൻ സാധ്യതയുള്ള 4 അംഗങ്ങളെ ചേർത്ത് ഒരു സംഘം രൂപീകരിച്ച് ആ സംഘത്തിന്റേതായി 1000 കോഴികളെ വളർത്തുന്ന ഗ്രൂപ്പ് സംരംഭം

മാനദണ്ഡങ്ങൾ:

- ഇറച്ചിക്കോഴി വളർത്തലിന് താത്പര്യമുള്ള, വീടുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് 15 സെന്റ് സ്ഥലമെങ്കിലും ലഭ്യമാക്കുന്നതിന് സാധ്യതയുള്ളവർ
- ജെഎൽജി (ജോയന്റ് ലയബിളിറ്റി ഗ്രൂപ്പ്) ആയിട്ടാണ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്
- ഗുണഭോക്താക്കൾ ഒരു സിഡിഎസിന് കീഴിലുള്ളവരായിരിക്കണം
- ഗ്രൂപ്പ് സിഡിഎസിൽ രജിസ്ട്രർ ചെയ്യണം
- ഈ സംരംഭം ജീവ ടീം ഇവാല്യൂവേറ്റ് ചെയ്യും
- പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ ഗ്രൂപ്പ് തെരഞ്ഞെടുക്കണം
- ജോയ്ന്റ് ബാങ്ക് അക്കൗണ്ട് നിർബന്ധം
- മാസത്തിലൊരിക്കൽ നിർബന്ധമായും യോഗം ചേർന്ന് കണക്കുകൾ പരിശോധിക്കണം
- സിഐഎഫ് തുക സിഡിഎസ് അക്കൗണ്ടിൽ കൃത്യമായി നിക്ഷേപിക്കണം
- രജിസ്ട്രറുകൾ സൂക്ഷിക്കണം- സാമ്പത്തിക രജിസ്ട്രർ, തീറ്റ, കോഴിക്കുഞ്ഞ് എന്നിവയെ വാങ്ങുന്നതിന്റെയും വിൽക്കുന്നതിന്റെയും രജിസ്ട്രററുകൾ

സഹായം:

- ഗ്രൂപ്പിന് ഒരു ലക്ഷം രൂപ ധനസഹായമായി നൽകും
- 4 ശതമാനം പരിശയോടെ തുക സിഡിഎസിൽ തിരിച്ചടയ്ക്കണം

- കാലാവധി ഒരു വർഷമാണ്
- കോഴിക്കുഞ്ഞ്, തീറ്റ, ഉപകരണങ്ങൾ എന്നിവ വാങ്ങാൻ തുക ഉപയോഗിക്കാം

കോഴിക്കുഞ്ഞുങ്ങളെയും തീറ്റയും സർക്കാർ ഉടമസ്ഥതയിലുള്ളതോ അംഗീകൃത ഏജൻസികളിൽ നിന്നോ വാങ്ങാം. ഇത് ലഭ്യമല്ലെങ്കിൽ സ്വകാര്യ വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ വാങ്ങാം

**<u>സിഡിഎസ് ചുമതലകൾ</u>**

- ഗുണഭോക്താക്കളെ കണ്ടെത്തുക
- സിഐഎഫ് വിതരണം, തിരിച്ചടവ് ഉറപ്പാക്കൽ
- ആവശ്യമായ പരിശീലനം ലഭ്യമാക്കൽ
- കോഴിക്കുഞ്ഞ്, തീറ്റ എന്നിവ ആവശ്യമെങ്കിൽ ഒന്നിലധികം ഗ്രൂപ്പുകൾക്ക് ഒരുമിച്ച് വാങ്ങുന്നതിനുള്ള സഹായം നൽകുക
- വെറ്റിനറി ഡോക്ടറുടെ സേവനം ലഭ്യമാക്കൽ
- എല്ലാ മാസവും സംരംഭകരുടെ യോഗം ചേർന്ന് കണക്ക് പരിശോധിക്കൽ

2017 നവംബർ എട്ടിന് കേരള ചിക്കൻ പദ്ധതിക്ക് സംസ്ഥാന തലത്തിൽ ഔദ്യോഗികമായി തുടക്കമായി. പൈലറ്റായി തിരുവനന്തപുരം കൊല്ലം ജില്ലകളിലാണ് പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചത്. ഇപ്പോൾ കേരളത്തിലാകെ 478 കേരള ചിക്കൻ യൂണിറ്റുകളാണ് പ്രവർത്തിച്ചുവരുന്നത്. എറണാകുളം ജില്ലയിൽ 120 യൂണിറ്റുകളുണ്ട്.

## <u>കൊല്ലത്തെ കേരള ചിക്കൻ</u>

**<u>തുടക്കം</u>**

സംസ്ഥാന മിഷനിൽ നിന്നും ലഭിച്ച നിർദ്ദേശം അനുസരിച്ച് ആദ്യമായി ഉപഭോക്താക്കളെ കണ്ടെത്തുകയായിരുന്നു ആദ്യ പടി. ഇതനുസരിച്ച് കോഴി വളർത്തിക്കൊണ്ടിരിക്കുന്ന ലൈസൻസുള്ള കുടുംബശ്രീ വനിതകളുടെ ലിസ്റ്റ് സിഡിഎസ് വഴി എടുത്തു. എംകെഎസ്പി ബ്ലോക്ക് കോർഡിനേറ്റർമാർ വഴിയാണ് ഗുണഭോക്താക്കളെ കണ്ടെത്തിയത്. ഇതിൽ നിന്ന് 9 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. അവർക്ക് 2017

നവംബർ 18ന് സംസ്ഥാന മിഷൻ ഓഫീസിൽ വച്ച് ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. പദ്ധതിയെക്കുറിച്ചുള്ള ഗുണഭോക്താക്കളുടെ എല്ലാ സംശയങ്ങൾക്കും കുടുംബശ്രീ, മൃഗസംരക്ഷണ വകുപ്പ്, കെപ്കോ ഉദ്യോഗസ്ഥർ മറുപടി പറഞ്ഞു. ഗുണഭോക്താക്കളെല്ലാം വ്യക്തിഗത യൂണിറ്റുകളായി രജിസ്ട്രർ ചെയ്തു. ഇതിന് ശേഷം ജനുവരി ആദ്യത്തോടെ പദ്ധതിക്ക് ജില്ലയിൽ തുടക്കമായി.

<u>**പ്രവർത്തന രീതി**</u>

- ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ട് വഴി ഒരു ലക്ഷം രൂപ കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് (സിഐഎഫ്) ഇനത്തിൽ കൈമാറി.
- അഞ്ച് യൂണിറ്റുകൾ ജനുവരിയിൽ പ്രവർത്തനം തുടങ്ങി
- ഫാമിലേക്ക് ആവശ്യമുള്ള വളർത്തുപകരണങ്ങളും മറ്റും വാങ്ങി
- ജനുവരി ആദ്യ വാരത്തോടെ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് കെപ്കോയിൽ നിന്ന് കോഴിക്കുഞ്ഞുങ്ങളെ ലഭ്യമായി തുടങ്ങി. കോഴി കുഞ്ഞ് ഒന്നിന് 40 രൂപ നിരക്കിലാണ് വാങ്ങിയത്. ഇറച്ചി ആവശ്യത്തിനായി വളർത്താനാകുന്ന ഏറ്റവും മികച്ച വെൻകോബ്ബ് എന്ന ഇനം കോഴിക്കുഞ്ഞുങ്ങളാണിത്.
- ആറ് യൂണിറ്റുകളാണ് കെപ്കോയിൽ നിന്ന് കുഞ്ഞിനെയെടുത്തത്. ശേഷിച്ച മൂന്ന് യൂണിറ്റുകൾ സ്വയം എടുത്തു.
- 1000 കോഴിക്കുഞ്ഞിൽ 5 ശതമാനം മരണനിരക്കുണ്ടാകുമെന്നാണ് കണക്കാക്കപ്പെടുന്നത്.
- തീറ്റയും പ്രതിരോധ വാക്സിനുകളും നിർദ്ദേശിച്ച പ്രകാരം നൽകും. ഇതും സിഐഎഫ് തുകയിൽ നിന്ന് കണ്ടെത്താം

**തീറ്റ**

- പത്ത് ദിവസം വരെ പ്രായമുള്ള കുഞ്ഞുങ്ങൾക്ക് സ്റ്റാർട്ടർ ഇനത്തിലുള്ള എസ്കെഎം തീറ്റയാണ് നൽകുന്നത്. 1 ചാക്കിന് 1320 രൂപയാണ് ഈ തീറ്റയ്ക്ക് വില
- 26ാം ദിവസം മുതൽ വിപണിയിലെത്തിക്കുന്നത് വരെ ഫിനിഷറാണ് നൽകുന്നത്. ചാക്കിന് 1310 രൂപ വിലയുള്ള എസ്കെഎം തീറ്റ തന്നെയാണ് ഇതിനും

ഉപയോഗിക്കുന്നത്.

**പ്രതിരോധ വാക്സിനുകൾ**

- മെഡിക്കൽ സ്റ്റോറിൽ നിന്ന് ഗുണഭോക്താക്കൾ നേരിട്ടാണ് വാക്സിനുകൾ വാങ്ങുന്നത്.
- ഒന്നു മുതൽ ഏഴ് ദിവസം വരെ പ്രായമുള്ള കുഞ്ഞുങ്ങൾക്ക് ലസോട്ട വാക്സിനുകളാണ് നൽകുന്നത്. കണ്ണിലും മൂക്കിലും ഓരോ തുള്ളി വീതം ഒഴിക്കും
- 14 മുതൽ 18 ദിവസം വരെയെത്തുമ്പോൾ ഐബിഡി ലൈവ് വാക്സിൻ നൽകും. കുടിവെള്ളത്തിൽ ചേർത്താണ് ഇത് നൽകുന്നത്.
- 24 മുതൽ 28 വരെ ദിവസത്തിനിടയിൽ ബൂസ്റ്റർ വാക്സിനും നൽകുന്നു. ഇതും കുടിവെള്ളത്തിൽ ചേർത്താണ് നൽകുന്നത്.

**ഉത്പാദന ചെലവ് (ശരാശരി രണ്ടേകാൽ കിലോ തൂക്കം ലഭിച്ച കണക്കിൽ ഒരു യൂണിറ്റിന്റേത്)**

കുഞ്ഞ് ഒന്നിന് **40** രൂപ നിരക്കിൽ **1000** കുഞ്ഞിന്- **40000** രൂപ

തീറ്റ, മരുന്ന്, വൈദ്യുതി, വെള്ളം - **10000** (98*1000=98000+2000)

ആകെ= **140000**

**വരവ്**

കെപ്കോയ്ക്ക് വിറ്റ കോഴി കുഞ്ഞുങ്ങൾ- **965**

ലഭിച്ച തുക: 965*191.25=**184556**

ലാഭം: **184556-140000= 44556**

ഒരു വർഷം കുറഞ്ഞത് ആറ് തവണയെങ്കിലും കോഴിക്കുഞ്ഞുങ്ങളെ വളർത്താനാകും അങ്ങനെ വളർത്തിയാൽ ഇത് പ്രകാരം കുറഞ്ഞത് ഓരോ തവണയും ശരാശരി 40000 രൂപ വച്ച് **2.4 ലക്ഷം രൂപ** വരുമാനമായി ലഭിക്കും

**<u>നിലവിലെ പ്രവർത്തനം</u>**

ജില്ലയിലാകെ 32 യൂണിറ്റുകൾ പ്രവർത്തന സജ്ജമായിക്കഴിഞ്ഞു.

**<u>ഭാവി</u>**

കൊല്ലം ജില്ലയിൽ വിവിധ സിഡിഎസുകളിലായി കൂടുതൽ യൂണിറ്റുകളെ കണ്ടെത്തുന്നു

സംസ്ഥാന തലത്തിൽ ഉത്പാദിപ്പിക്കുന്ന കോഴികളെ കേരള ചിക്കൻ എന്ന ബ്രാൻഡിൽ വിപണിയിൽ എത്തിക്കുക

ഓരോ ജില്ലയിലും മാംസ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുക അതിലൂടെ വിപണനം നടത്തുക.

---